| | | |
|---|---|---|
| 1 | വിദ്യാഭ്യാസം | ഇവരിൽ 45 % പേർ പത്താം ക്ലാസ് വരെയും 24% പേർ ഒൻപതാം ക്ലാസ് വരെയും 10% ഡിഗ്രി വരെയും 2% പേർ പോസ്റ്റ് ഗ്രാജ്വേറ്റ് വരെയും വിദ്യാഭ്യാസമുള്ളവരാണ്. |
| 2 | തൊഴിൽ | 46% പേർ താൽക്കാലിക തൊഴിലിലും 16% പേർ സ്വയംതൊഴിലും 11% പേർ റെഗുലർ ജോബ് ഉള്ളവരും 4% പേർ പാർട്ട് ടൈം ജോബ് ചെയ്യുന്നവരുമാണ്. 3% പേർ വിദ്യാർത്ഥികളാണ് |
| 3 | ഭാഷ | കേരളത്തിൽ 44% പേർ മലയാളവും 24% പേർ തമിഴും 10% പേർ ഹിന്ദിയും 22% പേർ ഇംഗ്ലീഷും സംസാര ഭാഷയായി ഉപയോഗിക്കുന്നു. |
| 4 | കുടുംബജീവിതം | 38% പേർ നിയമപരമായി വിവാഹിതരാണ് |
| 5 | താമസം | 92% പേർ സ്വന്തം സ്ഥലത്ത് താമസിക്കുന്നു. 51% പേർ തങ്ങളുടെ sexuality കുടുംബങ്ങളിൽ നിന്നും രഹസ്യമായി സൂക്ഷിക്കുന്നു. 43% പേർ കുടുംബ ഭവനത്തിലും 39% പേർ സ്വന്തം ഭവനത്തിലും 11% പേർ വാടക ഭവനത്തിലും താമസിക്കുന്നു. |
| 6 | പ്രായവിവരണം | 46% പേർ 30 വയസ്സുവരെ പ്രായമുള്ളവരും 53% പേർ 30 നും 50 നും മദ്ധ്യേ പ്രായമുള്ളവരും 1% ആളുകൾ 50 വയസ്സ് കഴിഞ്ഞിട്ടുള്ളവരുമാണ്. |
| 7 | മതം | 65% പേർ ഹിന്ദുക്കളും 16% പേർ ക്രിസ്ത്യാനികളും 18% പേർ മുസ്ലീം വിഭാഗവും 1% ആളുകൾ മറ്റുള്ളവരുമാണ്. |
| 8 | ജാതി | 44% പേർ ഒ.ബി.സി.യും 27% പേർ പട്ടികജാതിയും 5% പേർ പട്ടികവർഗ്ഗവും 24% പേർ മറ്റുള്ളവരുമാണ്. |
| 9 | എഴുത്തും വായനയും | 93% പേർക്ക് എഴുതാനും വായിക്കാനുമറിയാം. 7% പേർ എഴുത്തും വായനയും അറിയാത്തവരാണ്. |

## ബാലപീഡനങ്ങൾ

237 (3077) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലഭിക്ഷാടനം, ബാലവിവാഹം എന്നിവ ഇപ്പോഴും നടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാമൂഹിക പ്രശ്നങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാലപീഡനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സ്കൂളുകളിലും വീടുകളിലും ഇതര സ്ഥലങ്ങളിലും കുട്ടികൾക്ക് നേരെയുണ്ടാകുന്ന പീഡനങ്ങൾ തടയുന്നതിന് ആവശ്യമായ ബോധവത്കരണ പരിപാടികൾ സാമൂഹിക നീതി വകുപ്പ് സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ശൈശവ വിവാഹ നിരോധന നിയമം-2006 നിലവിലുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് Kerala Prohibition of Child Marriage Rule-2008 പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 2008-ലെ ശൈശവ വിവാഹ നിരോധന ചട്ട പ്രകാരം സാമൂഹ്യനീതി ഡയറക്ടറെ മുഖ്യ ശൈശവ വിവാഹ നിരോധന ഓഫീസറായും ശിശു വികസന പദ്ധതി ഓഫീസർമാരെ ശൈശവ വിവാഹ നിരോധന ഓഫീസർമാരായും ജില്ലാ കളക്ടർമാരെ ജില്ലാതല നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശൈശവ വിവാഹ നിരോധന ഓഫീസർമാർ എന്ന നിലയിൽ ശിശു വികസന പദ്ധതി ഓഫീസർമാർ അംഗൻവാടി പ്രവർത്തകർ മുഖാന്തരം ശൈശവ വിവാഹത്തിന്റെ ദുഷ്യവശങ്ങളെക്കുറിച്ചും ശൈശവ വിവാഹ നിരോധന നിയമത്തെ സംബന്ധിച്ചും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ശൈശവ വിവാഹം ശ്രദ്ധയിൽപ്പെട്ടാൽ അംഗൻവാടി പ്രവർത്തകർ ഉടനടി ശിശുവികസന പദ്ധതി ഓഫീസർമാരെ വിവരം അറിയിക്കുകയും ശിശു വികസന പദ്ധതി ഓഫീസർമാർ ബാല വിവാഹത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ശിശുസംരക്ഷണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ബാലഭിക്ഷാടനം, ബാലവിവാഹം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ബാലസുരക്ഷ എന്ന പേരിൽ വിശദമായ പ്രിവൻഷൻ പ്രോട്ടോകോൾ (Prevention Protocol) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ എല്ലാവിധ പീഡനങ്ങൾക്കുമെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്നതിനും അവരിൽ ബാലാവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കുട്ടികളുമായുള്ള സംവാദം പരിപാടികൾ വിവിധ ജില്ലകളിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുഖേന സംഘടിപ്പിക്കാറുണ്ട്. കമ്മീഷന്റെ പ്രവർത്തനാരംഭ ദിനമായ ജൂൺ 3-ന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അസംബ്ലി വിളിച്ചുചേർത്ത് കുട്ടികളെ പീഡനത്തിനെതിരെ ബോധവൽക്കരിക്കുന്ന പ്രതിജ്ഞയെടുക്കുന്ന ചടങ്ങ് സംഘടിപ്പിക്കുന്നതിനുപുറമേ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബാലാവകാശങ്ങൾ സംബന്ധിച്ച് കുട്ടികൾക്കായി ഒരു കൈപുസ്തകം തയ്യാറാക്കി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**നടപ്പാക്കാൻ സാധിക്കാത്ത ക്ഷേമപദ്ധതികൾ**

238 (3078) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യനീതി വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാതെ പോയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം പദ്ധതികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിയാതെ പോയ സാഹചര്യം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly